# പതിനാലാം കേരളനിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.544 — 30.06.2016 ന് മറുപടിയ്ക്ക്.

## വന്യമൃഗങ്ങൾ നാട്ടിലേക്ക് ഇറങ്ങി മനുഷ്യന്റെ ജീവനും സ്വത്തിനുമുള്ള ഭീക്ഷണി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പികെ.ബഷീർ | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) വന്യമൃഗങ്ങൾ നാട്ടിലേക്ക് ഇറങ്ങി മനുഷ്യന്റെ ജീവനും സ്വത്തിനും ഭീക്ഷണിയാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വന്യജീവി ആക്രമണങ്ങളിൽ നിന്നും മനുഷ്യന്റെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്നതിനായി ജനവാസ കേന്ദ്രങ്ങളോടു ചേർന്നുള്ള വനാതിർത്തിയിൽ എലിഫന്റ് പ്രൂഫ് ട്രഞ്ച്, സൗരോർജ്ജവേലി, എലിഫന്റ് പ്രൂഫ് വാൾ എന്നിവ നിർമ്മിച്ച് പരിപാലിച്ച് പോരുന്നു. കൂടാതെ വന്യമൃഗങ്ങൾ കുടിവെള്ളത്തിനായി ജനവാസ കേന്ദ്രത്തിലേക്ക് വരുന്നത് ഒഴിവാക്കുന്നതിനായി വനത്തിനകത്ത് വിവിധ ഭാഗങ്ങളിൽ ചെക്ക് ഡാമുകൾ നിർമ്മിക്കുകയും കൂടുതൽ കാലത്തേക്ക് ജലലഭ്യത ഉറപ്പു വരുത്തുന്നതിനായി മണ്ണ്, ജലസംരക്ഷണ പ്രവർത്തനങ്ങൾ നടത്തി വരുകയും ചെയ്യുന്നു. വനജാഗ്രതാ സമിതിയുടെ നേതൃത്വത്തിൽ വനത്തിന് സമീപ പ്രദേശങ്ങളിൽ താമസിക്കുന്നവർക്ക് ബോധവൽക്കരണം, ജാഗ്രതാ നിർദ്ദേശങ്ങൾ മുതലായവ നൽകുന്നതിനായി ക്യാമ്പുകൾ നടത്താറുണ്ട്. നാട്ടിലിറങ്ങുന്ന കാട്ടാനകളേയും മറ്റ് വന്യമൃഗങ്ങളേയും വനത്തിലേക്ക് തന്നെ കയറ്റിവിടുന്നതിനും മറ്റുമായി റാപിഡ് റെസ്പോൺസ് ടീം, ആദിവാസി വാച്ചർമാർ എന്നിവരുടെ സേവനം ഉപയോഗപ്പെടുത്തി വരുന്നു. |
| (ബി)വന്യമൃഗങ്ങൾ ഇറങ്ങി കൃഷി നശിപ്പിച്ചതും മനുഷ്യരെയും മൃഗങ്ങളെയും ആക്രമിച്ചതുമായ എത്ര പരാതികൾ 2016-ൽ ലഭിച്ചു എന്ന് അറിയിക്കുമോ; പരാതികളുടെ വിവരങ്ങൾ ജില്ല തിരിച്ച് വ്യക്തമാക്കാമോ; | (ബി) വന്യമൃഗങ്ങൾ ഇറങ്ങി കൃഷി നശിപ്പിച്ചതിനും മനുഷ്യരേയും മൃഗങ്ങളേയും അക്രമിച്ചതിനും 2016-ൽ 3352 പരാതികൾ ലഭിച്ചു. പരാതികളുടെ എണ്ണം ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു. |

| ജില്ല | ലഭിച്ച പരാതികളുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 112 |
| കൊല്ലം | 120 |
| പത്തനംതിട്ട | 20 |
| കോട്ടയം | 7 |
| ഇടുക്കി | 156 |
| എറണാകുളം | 61 |

| | |
|---|---|
| തൃശ്ശൂർ | 131 |
| പാലക്കാട് | 294 |
| മലപ്പുറം | 188 |
| കോഴിക്കോട് | 118 |
| വയനാട് | 1708 |
| കണ്ണൂർ | 177 |
| കാസർഗോഡ് | 260 |

(സി) ആയതിന്മേൽ വനംവകുപ്പ് നഷ്ടപരിഹാരം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

(സി) വന്യജീവികൾ ഇറങ്ങി കൃഷി നശിപ്പിച്ചതിനും മനുഷ്യരേയും മൃഗങ്ങളേയും അക്രമിച്ചതിനും 2016 ൽ വിതരണം ചെയ്ത നഷ്ടപരിഹാരത്തുക ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു.

| ജില്ല | വിതരണം ചെയ്ത നഷ്ടപരിഹാരത്തുക |
|---|---|
| തിരുവനന്തപുരം | 13,18,033 |
| കൊല്ലം | 22,39,162 |
| പത്തനംതിട്ട | 2,48,245 |
| കോട്ടയം | ഇല്ല |
| ഇടുക്കി | 4,61,035 |
| എറണാകുളം | 1,92,293 |
| തൃശ്ശൂർ | 64,033 |
| പാലക്കാട് | 14,68,770 |
| മലപ്പുറം | 5,75,913 |
| കോഴിക്കോട് | ഇല്ല |
| വയനാട് | 23,60,580 |
| കണ്ണൂർ | 2,85,636 |
| കാസർഗോഡ് | 1,20,346 |

സെക്ഷൻ ഓഫീസർ